**പതിനാലാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 141** — **28.05.2019-ൽ മറുപടിക്ക്**

## പോളിങ്ങ് സ്റ്റേഷനിൽ നടന്ന അക്രമ സംഭവം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഇക്കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദുമ നിയോജകമണ്ഡലത്തിലെ 27-ാം നമ്പർ ബൂത്തിൽ കള്ളവോട്ട് ചെയ്യാനുള്ള ലീഗ് പ്രവർത്തകന്റെ ശ്രമത്തിനിടെ ഉണ്ടായ അക്രമ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പോളിങ്ങ് സ്റ്റേഷനിൽ നടന്ന അക്രമ സംഭവത്തിൽ പ്രിസൈഡിങ്ങ് ഓഫീസറുടേയും പോളിങ്ങ് ഉദ്യോഗസ്ഥരുടേയും വിശദമായ മൊഴി പോലീസ് എടുത്തിട്ടുണ്ടോ; | (ബി) പ്രിസൈഡിംഗ് ഓഫീസറുടേയും മറ്റ് പോളിംഗ് ഉദ്യോഗസ്ഥരുടേയും മൊഴി എടുത്തിട്ടുണ്ട്. |
| (സി) ഈ മൊഴികളിൽ പരാമർശിച്ചിട്ടുള്ള എല്ലാവരുടേയും പേരിൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br>(ഡി) മൊഴി പ്രകാരമുള്ള ലിസ്റ്റിൽ നിന്ന് കേസ്സിൽ ഉൾപ്പെടുത്താതെ ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ;<br>(ഇ) എങ്കിൽ ആരെയൊക്കെയാണ് ഒഴിവാക്കിയിട്ടുള്ളതെന്നും അങ്ങനെ ഒഴിവാക്കാനുണ്ടായ കാരണം എന്താണെന്നും വിശദമാക്കാമോ? | (സി) യും (ഡി) യും (ഇ) യും മൊഴികളിൽ ആരുടേയും പേരുകൾ പരാമർശിച്ചിട്ടില്ല. ആയതിനാൽ സംഭവത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് സംശയിക്കുന്നവരെ നോട്ടീസ് നൽകി വിളിച്ചുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.